**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** | **31-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ വി ജോയി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.വി.അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നേമം കോച്ചിംഗ് ടെർമിനൽ ഉപേക്ഷിച്ചത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിക്കാൻ എത്തിയ സംസ്ഥാന മന്ത്രിമാർക്ക് കേന്ദ്ര മന്ത്രി കൂടിക്കാഴ്ചയ്ക്ക് അനുമതി നിഷേധിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു കേന്ദ്ര സഹമന്ത്രിയുടെ ഇടപെടലാണ് സംസ്ഥാന മന്ത്രിമാർക്ക് ഇപ്രകാരം അനുമതി നിഷേധിക്കാൻ കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ റെയിൽവേ വികസനം ആവശ്യപ്പെട്ട് ഏതെങ്കിലും കേന്ദ്ര സഹമന്ത്രിമാരോ സംസ്ഥാനത്തെ പ്രതിപക്ഷ കക്ഷി നേതാക്കളിൽ ആരെങ്കിലുമോ ബന്ധപ്പെട്ട മന്ത്രിയെയോ പ്രധാനമന്ത്രിയെയോ കണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പാത ഇരട്ടിപ്പിക്കൽ, സ്റ്റേഷനുകളുടെ നവീകരണം, കോച്ച് ഫാക്ടറി, പുതിയ ട്രെയിനുകൾ എന്നിവ ഉൾപ്പെടെ സംസ്ഥാനത്തെ പൊതു റെയിൽവേ വികസനത്തിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് പുതിയ ട്രെയിനുകൾ അനുവദിക്കുന്നത് റെയിൽ മന്ത്രാലയത്തിന്റെ നയപരമായ തീരുമാനമാണ്. എന്നാൽ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം, സ്റ്റേഷനുകളുടെ നവീകരണം) പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ റെയിൽ മന്ത്രാലയവുമായി യഥാസമയം ഇടപെടലുകൾ നടത്തിവരുന്നു. സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തുന്നുണ്ട്. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പുതിയ പാത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇതിലുപരി ആദരണീയരായ എം.പി.മാരുടെ ഇക്കഴിഞ്ഞ സമ്മേളനത്തിലും റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടാ വിഷയമായിരുന്നു.<br><br>ഇതിനു പുറമേ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയുമായി 17.08.2022 ന് ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുടെ മുമ്പാകെ ഉന്നയിക്കുകയുണ്ടായി. നേമം കോച്ചിംഗ് ടെർമിനൽ, അങ്കമാലി-ശബരി റെയിൽപാത തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻ ഗുഡ് റെയിൽവെ ലൈനുകൾ എന്നിവയെല്ലാം ചർച്ച ചെയ്യുകയുണ്ടായി. ഓണക്കാലത്ത് കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ സംസ്ഥാനത്തിന് അനുവദിക്കണമെന്നും അറുപത് വയസ്സ് കഴിഞ്ഞവർക്കുള്ള റെയിൽവെ നിരക്കിളവ് പുന:സ്ഥാപിക്കണമെന്നും ട്രെയിനുകളിലെ സുരക്ഷ വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങളും കേന്ദ്ര മന്ത്രിയെ അറിയിച്ചു. യോഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി ക്രിയാത്മകമായി പ്രതികരിക്കുകയും എല്ലാ പ്രശ്നങ്ങളും പരിശോധിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു.<br><br>പാലക്കാട് റെയിൽ കോച്ച് ഫാക്ടറി പദ്ധതി നടപ്പിലാക്കുന്നത് പുനരാലോചിക്കണമെന്ന് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 17.01.2021 ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ വികസനാവശ്യം പരിഗണിച്ച് സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകാൻ | (ഇ) | ഉണ്ട്. സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായി സിൽവർലൈനിനു അന്തിമാനുമതി |

| | | | |
|---|---|---|---|
| | സംസ്ഥാന റെയിൽവേ വിഭാഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | വേഗത്തിലാക്കുന്നതിനു വേണ്ടി സർക്കാർ, ചീഫ് സെക്രട്ടറി മുഖേന റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്കു കത്തയക്കുകയും, നേരിട്ടു കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതു കൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹു. സംസ്ഥാന മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രി മുമ്പാകെ 24.03.2022 നു നേരിട്ട് കൈമാറിയിരുന്നു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ